"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്-അതിദരിദ്ര ലിസ്റ്റിൽപ്പെട്ട ശ്രീമതി പുഷ്പ താന്നിപ്പറ്റ എന്നവർക്ക് ഒറ്റത്തവണത്തേയ്ക്ക് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.637/2026/LSGD തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:-

1. നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.06.2025 ലെ 2(1) നമ്പർ തീരുമാനം
2. നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2025 ലെ A4-5647/24 നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേ ഷൻ കമ്മിറ്റിയുടെ 21.08.2025 ലെ യോഗതീരുമാനം ഖണ്ഡിക നം. 4.1
4. കോഴിക്കോട് ജില്ല പ്ലാനിംഗ് ഓഫീസറുടെ 19.09.2025 ലെ കത്ത്
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.02.2026 ലെ യോഗ തീരുമാനം ഖണ്ഡിക നം. 4.39

**ഉത്തരവ്**

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ അതിദരിദ്ര കുടുംബത്തിന്റെ ലിസ്റ്റിൽപ്പെട്ട ശ്രീമതി പുഷ്പ താന്നിപ്പറ്റ (ID No.51670). ക്ക് ഐ.എ.വൈ. പദ്ധതിയിൽ ലഭിച്ച 7 വർഷം പഴക്കമുള്ള വീടിന് റിപ്പയറിംഗ് ആവശ്യമുണ്ട്. മാർഗ്ഗരേഖയനുസരിച്ച് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതിന് 8 വർഷമെങ്കിലും വീടിന് പഴക്കം വേണം. അസുഖ ബാധിതയായ ശ്രീമതി പുഷ്പയും മാനസിക വെല്ലുവിളി നേരിടുന്ന മകനും ഉൾപ്പെട്ട ഈ കുടുംബത്തിന്, വീടിന്റെ പഴക്കം 8 വർഷം വേണമെന്ന നിബന്ധനയിൽ ഇളവു നൽകി വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാൻ അനുമതിക്കായി പരാമർശം 1,2,4 എന്നിവ പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23-02-2026 ൽ

കൂടിയ യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം 3 പ്രകാരം സമാന വിഷയത്തിൽ ധനസഹായം നൽകിയിരുന്നു എന്നതിന്റെ കൂടി അടിസ്ഥാനത്തിൽ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി പുഷ്പ താന്നിപ്പറ്റക്ക് ഒറ്റത്തവണത്തേയ്ക്ക് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഡി എ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 09-03-2026 13:33:22
സെക്ഷൻ ഓഫീസർ